30

# തിരക്കുള്ള ഒരു ദിവസം

***വായനാ ഭാഗം # 11***

V. രണ്ടാമത്തെ പെസഹ മുതൽ മൂന്നാമത്തേതു വരെ (തുടർച്ച).

K. രണ്ടാം ഗലീലിയാ സന്ദർശനം (ലൂക്കൊ. 8:1–3).

L. ദൈവദൂഷണ ആരോപണങ്ങൾ (മത്താ. 12:22–37; മർക്കൊ. 3:20–30; ലൂക്കൊ. 11:14–23).

M. അടയാളം–അന്വേഷിക്കുന്നവർ (മത്താ. 12:38–45; ലൂക്കൊ. 11:16, 24–26, 29–36).

N. യേശുവിന്റെ കുടുംബം (മത്താ. 12:46–50; മർക്കൊ. 3:31–35; ലൂക്കൊ. 8:19–21; 11:27, 28).

**മുഖവുര**

ഭക്ഷിപ്പാൻപോലും സമയം കിട്ടാതെ തിരക്കുള്ള ഒരു ദിവസം നിങ്ങൾക്ക് എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ? യേശുവിന്റെ ജീവിതത്തിലെ അത്തരം ഒരു ദിവസത്തെ കുറിച്ചുള്ളതാണ് ഈ പാഠം. യേശുവിന്റെ ശുശ്രൂഷയിലെ കുറച്ചു ദിവസങ്ങളെ കുറിച്ചു മാത്രമാണ് വിശദമായി വിവരിച്ചിട്ടുള്ളത്. അതിലൊന്ന് അവന്റെ മരണത്തിനുമുൻപിലത്തെ ചൊവ്വാഴ്ച്ചയിലേതാണ്, അതിനെ അറിയപ്പെടുന്നത് "ചോദ്യങ്ങളുടെ ദിവസം" എന്നാണ്. മറ്റൊന്ന് ഈ പഠനത്തിൽ എടുത്തു പറയുന്നുണ്ട്. അനുയോജ്യമായി, അതിനെ "തിരക്കുള്ള ഒരു ദിവസം"[1] എന്നു വിളിച്ചിരിക്കുന്നു.

ആ ദിവസം വന്നത് യേശുവിന്റെ രണ്ടാം ഗലീലാ സന്ദർശനത്തിന്റെ അവസാനത്തിൽ (അല്ലെങ്കിൽ അവസാനത്തോടടുത്ത്) ആയിരുന്നു. കഴിഞ്ഞ പാഠത്തിൽ, ക്രിസ്തു കഫർന്നഹൂമിൽനിന്ന് നയിനിലേക്കുപോയതായി നാം കണ്ടു (ലൂക്കൊസ് 7:1, 11) അതിനുശേഷം അറിയപ്പെടാത്ത സ്ഥലങ്ങളിലേക്കും പോയി (ലൂക്കൊസ് 7:20, 21, 36, 37). ലൂക്കൊസ് രേഖപ്പെടുത്തിയത് "അനന്തരം, അവൻ ദൈവരാജ്യം പ്രസംഗിച്ചും സുവിശേഷിച്ചും കൊണ്ട്, പട്ടണംതോറും സഞ്ചരിച്ചു. അവനോടുകൂടെ പന്തിരുവരും ഉണ്ടായിരുന്നു" എന്നാണ് (ലൂക്കൊസ് 8:1).[2]

ഒന്നാമത്തെ ഗലീലാ സന്ദർശനത്തിൽ, നാല് ശിഷ്യന്മാർ മാത്രമായിരുന്നു യേശുവിനോടുകൂടെ പോയത്.[3] ഈ യാത്രയിൽ, പന്ത്രണ്ടുപേർ അവരുടെ തൊഴിൽ പരിശീലനത്തിന്റെ ഭാഗമായി അവനോടൊപ്പം ഉണ്ടായിരുന്നു. യേശുവിനോടൊപ്പം ആ പുരുഷാരവും[4] എപ്പോഴും യാത്ര ചെയ്തിരുന്നു.

ലൂക്കൊസ് വിവരിക്കുന്നത് യേശു സഹായിച്ച, മറ്റു പല സ്ത്രീകളും, അതുപോലെ അവനോടും അപ്പൊസ്തലന്മാരോടും ഒപ്പം യാത്ര

ചെയ്തിരുന്നു എന്നാണ്. അവർ "തങ്ങളുടെ വസ്തുവക കൊണ്ടു" കർത്താവിനെ "ശുശ്രൂഷ ചെയ്തുപോന്നു" (ലൂക്കൊസ് 8:3).[5] തങ്ങളുടെ ഗുരുക്കന്മാരെ യെഹൂദ സ്ത്രീകൾ പിൻതാങ്ങിയിരുന്നത് അസാധാരണമായിരുന്നില്ല. അവരിൽ ചില സ്ത്രീകളുടെ പേരുകൾ പറഞ്ഞിട്ടുണ്ട്: "ഏഴു ഭൂതങ്ങൾ വിട്ടുപോയ,[6] മഗ്ദലക്കാരത്തി മറിയയും, ഹെരോദാവിന്റെ കാര്യവിചാരകനായ, കൂസയുടെ ഭാര്യ യോഹന്നയും, ശൂശന്നയും ഉണ്ടായിരുന്നു" (ലൂക്കൊസ് 8:2, 3).

മറിയയെ "മഗ്ദലക്കാരത്തി" എന്നു വിളിക്കുവാൻ കാരണം അവൾ മഗ്ദല എന്ന ചെറിയ ഗ്രാമത്തിൽ നിന്നുള്ളവളായിരുന്നു, അതു ഗലീലാക്കടലിന്റെ[7] പടിഞ്ഞാറേ തീരത്തായിരുന്നു. അവളെ നാം വീണ്ടും കാണുന്നു (മർക്കൊസ് 15:47; 16:1, 9; യോഹന്നാൻ 19:25; 20:1–18).

യോഹന്നയെ അവളുടെ ഭർത്താവായിരുന്ന, കൂസയാൽ ആണ് പരിചയപ്പെടുത്തുന്നത്, അവൻ "ഹെരോദാവിന്റെ കാര്യവിചാരകൻ" ആയിരുന്നു. "കാര്യവിചാരകൻ" എന്നതിനുള്ള പൊതുവായ വാക്ക് ഗ്രീക്ക് വേദപുസ്തകത്തിൽ ഉപയോഗിച്ചിട്ടില്ല. മറിച്ച്, ഉപയോഗിച്ച വാക്കിന്റെ അർത്ഥം "ഭരണാധികാരി, സൂപ്രണ്ട് അല്ലെങ്കിൽ നാടുവാഴി"[8] എന്നാണ്. ലിവിങ് ബൈബിളിൽ അതിനു സമാന്തരമായി പറയുന്നത് "കൂസ ഹെരോദാ രാജാവിന്റെ മാനേജരും കൊട്ടാരത്തിന്റെ മേൽവിചാരകനും ആഭ്യന്തര കാര്യനിർവ്വാഹകനും ആയിരുന്നു" എന്നാണ്. യേശുവിനെ കുറിച്ചുള്ള ശ്രുതി ഹെരോദാവിന്റെ ഭവനത്തിലേക്കുപോലും കടന്നുചെന്നു! നാം യോഹന്നയെ പിന്നീടു കാണും (ലൂക്കൊസ് 24:10).

ശൂശന്നയെ നാം മറ്റൊരിടത്തും വായിക്കുന്നില്ല. ജെ. ഡബ്ളിയു. മെക്ഗാർവെ എഴുതിയത് "ശൂശന്നയെ കുറിച്ച് മറ്റൊരു രേഖയുമില്ല, അവൾ ഓർമ്മിക്കപ്പെടുവാൻ ഇതുമാത്രം മതി"[9] എന്നാണ്.

യേശുവിന്റെ സന്ദർശനത്തിലേക്കു തിരിച്ചുപോകുമ്പോൾ നാം വായിക്കുന്നു, അവൻ "വീട്ടിൽ വന്നു, പുരുഷാരം പിന്നെയും തിങ്ങി കൂടിവന്നു" (മർക്കൊസ് 3:20). ഇതിനർത്ഥം തന്റെ സന്ദർശനത്തിനിടയിൽ[10] ക്രിസ്തു ഒരു ആതിഥേയന്റെ വീട്ടിലേക്ക് കയറിച്ചെന്നു എന്നാണ്. അതിനെ തുടർന്നുവരുന്ന സംഭവങ്ങൾക്കുശേഷം യേശു "കടൽക്കരെ വച്ചു" ഉപദേശിച്ചിരുന്നതുകൊണ്ടു (മർക്കൊസ് 4:1), ആ യാത്രയുടെ അവസാനം അവൻ കഫർന്നഹൂമിലേക്ക് മടങ്ങിവന്നിരിക്കുവാനാണ് സാധ്യത – അവൻ ആ പട്ടണത്തിൽ പൊതുവായി തങ്ങാറുള്ള അവന്റെ താമസസ്ഥലമായിരുന്നു ആ "വീട്."

പട്ടണം ഏതായാലും, ഒരു "തിരക്കുള്ള ദിവസം" അവിടെ നടന്ന ചില സംഭവങ്ങളെ നമുക്കു പരിശോധിക്കാം. അതേ ദിവസം, യേശു ഒരുപക്ഷെ സംസാരിച്ചത് മത്തായി 13, മർക്കൊസ് 4, ലൂക്കൊസ് 8 എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഉപമകളെ കുറിച്ചായിരിക്കാം (മത്തായി 12:50–13:3 നോക്കുക). ഗലീലാ കടലിലെ കാറ്റ് ശാന്തമാക്കിക്കൊണ്ടും ഗരെസീനിലെ ഭൂതബാധിതരെ സൗഖ്യമാക്കിക്കൊണ്ടും ആയിരിക്കാം ആ ദിവസം അവസാനിപ്പിച്ചത് (മർക്കൊസ് 4:33–5:19). ആ സംഭവങ്ങളെ പിന്നീടുവരുന്ന പാഠങ്ങളിൽ നാം പഠിക്കും. ഇപ്പോൾ, ആ ദിവസം എങ്ങനെ ആരംഭിച്ചുവെന്നു നമുക്കുനോക്കാം.

## ആളുകളെ സഹായിക്കുന്ന തിരക്ക്
## (മത്താ. 12:22, 23; മർക്കൊ. 3:20, 21; ലൂക്കൊ. 11:14)

അതികാലത്ത് യേശു നിർജ്ജനപ്രദേശത്തുപോയി പ്രാർത്ഥിക്കുന്നത് ഒരു പതിവായിരുന്നു (മർക്കൊസ് 1:35). നമ്മുടെ സംഭവം തുടങ്ങുമ്പോൾ, ക്രിസ്തു താമസിച്ച സ്ഥലത്തേക്ക് മടങ്ങിവരികയാണ്, അത് ഒരുപക്ഷെ പ്രഭാതഭക്ഷണത്തിനായിരിക്കാം. അവൻ എത്തിയപ്പോൾ, ആ വീട് കേൾക്കുവാനും സൗഖ്യമാകുവാനും താൽപര്യപ്പെട്ട ആളുകളെ കൊണ്ടുനിറഞ്ഞു (മർക്കൊസ് 2:1, 2 നോക്കുക). മർക്കൊസ് 3:20 പറയുന്നതു "അവൻ വീട്ടിൽ വന്നു, അവർക്കു [യേശുവിനും ശിഷ്യന്മാർക്കും] ഭക്ഷണം കഴിപ്പാൻ പോലും വഹിയാതെവണ്ണം, പുരുഷാരം പിന്നെയും തിങ്ങിക്കൂടിവന്നു"[11] എന്നാണ്. യാതൊരു വൈഷമ്യവും കൂടാതെ, ക്രിസ്തു അവരെ സഹായിക്കുവാൻ തുടങ്ങി.

ഒരു പ്രത്യേക അത്ഭുതത്തെ കുറിച്ചു രേഖപ്പെടുത്തിയിട്ടുണ്ട്, അതിൽ വിശുദ്ധി, കാഴ്ച്ച, സംസാരശേഷി എന്നിവ വീണ്ടെടുത്തുകൊണ്ടുള്ള മൂന്നു അത്ഭുതങ്ങൾ ഉൾക്കൊള്ളുന്നു: സംസാരിക്കുവാൻ[12] കഴിവില്ലാത്ത കുരുടനായിരുന്ന ഒരു മനുഷ്യനിൽനിന്ന് യേശു ഭൂതത്തെ പുറത്താക്കി (മത്തായി 12:22). ആളുകൾ അതിശയിച്ചു കൊണ്ടു പറഞ്ഞു, "ഇവൻ ദാവീദുപുത്രൻ, തന്നേയോ?"[13] (മത്തായി 12:23).

എങ്ങനെയോ, ക്രിസ്തുവിന്റെ രോഗസൗഖ്യ പ്രവർത്തികളെ കുറിച്ചു അവന്റെ ചില സ്നേഹിതരുടെയും വീട്ടിലുള്ളവരുടെയും കാതിലുമെത്തി:[14] "അവന്റെ ചാർച്ചക്കാർ, അതുകേട്ടു, 'അവന്നു ബുദ്ധിഭ്രമം ഉണ്ടു' എന്നു പറഞ്ഞു; അവനെ പിടിപ്പാൻ[15] വന്നു" (മർക്കൊസ് 3:21). മതേതരമായ ജോലികൾക്കു നീണ്ടമണിക്കൂറുകൾ ആവശ്യമാണെന്നറിയുമ്പോൾ; ഭൗതികമായ ലക്ഷ്യം കണ്ടെത്തേണ്ടതിനു ത്യാഗം ആവശ്യമായിവരുമ്പോൾ മിക്കവരും സഹതപിക്കുന്നു. എങ്ങനെയായാലും, ദൈവരാജ്യത്തിനുവേണ്ടി ആരെങ്കിലും പ്രവർത്തിച്ചു ക്ഷീണിതനാകുവാൻ തയ്യാറാകുന്നത് എന്തുകൊണ്ടാണെന്നു മിക്ക ആളുകൾക്കും മനസ്സിലാക്കുവാൻ കഴിയുന്നില്ല. അവന്റെ കുടുംബാംഗങ്ങൾ വിചാരിച്ചത് കർത്താവിന്നു "ബുദ്ധിഭ്രമം ഉണ്ടു" എന്നാണ്. ദൈവത്തിനു ആദ്യം മുൻഗണന നൽകുവാൻ ഗൗരവമായ ഒരു സമർപ്പണം നിങ്ങൾ എടുക്കുകയാണെങ്കിൽ (മത്തായി 6:33), നിങ്ങൾക്ക് സാരമായ കുഴപ്പം സംഭവിച്ചിട്ടുണ്ടെന്ന് ആരെങ്കിലും കുറ്റപ്പെടുത്തിയാൽ അതിശയിക്കുവാനില്ല![16]

## കുറ്റാരോപണങ്ങളോടു തിരക്കിട്ടു ഉത്തരം പറയൽ
## (മത്താ.12:24-37; മർക്കൊ. 3:22-30;
## ലൂക്കൊ. 11:15-23[17])

യേശു ഉപദേശിക്കുകയും സൗഖ്യപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ, സാധാരണപോലെ ശാസ്ത്രിമാരും പരീശന്മാരും വന്നിരുന്നു (മത്തായി 12:24; മർക്കൊസ് 3:22). "യെരുശലേമിൽ നിന്നു" പോലും ചിലർ ശല്യം ചെയ്യുന്നതിനു വന്നിരുന്നു (മത്തായി 3:22). ജനക്കൂട്ടം അവൻ "ദാവീദു പുത്രൻ" ആയിരിക്കാം എന്നു പറഞ്ഞത് (മത്തായി 12:23) സ്പഷ്ടമായും അവരുടെ വെറുപ്പ് വർദ്ധിപ്പിച്ചു. അവർ പെട്ടെന്ന് ഒരു പുതിയ ആക്രമണം നടത്തി. ക്രിസ്തു അത്ഭുതം ചെയ്തതു നിഷേധിക്കുവാൻ അവർക്കു കഴി

യാതിരുന്നതുകൊണ്ട്, അവൻ സാത്താനെ കൂട്ടുപിടിച്ചാണ് അതു ചെയ്യുന്നതെന്നു അവർ ആരോപിച്ചു. അവർ പറഞ്ഞു, "അവന്നു ബെയെത്സെബൂലുണ്ട്"[18]; "ഭൂതങ്ങളുടെ തലവനെക്കൊണ്ട് അവൻ ഭൂതങ്ങളെ പുറത്താക്കുന്നു"[19] (മർക്കൊസ് 3:22).

മൂന്ന് വാദഗതികളോടുകൂടെയാണ്[20] യേശു അവരുടെ ആരോപണത്തിനു മറുപടി നൽകിയത്. അവരുടെ ആരോപണം *യുക്തിരഹിതമായി*രുന്നു എന്നാണ് അവൻ ആദ്യം പറഞ്ഞത്: "ഒരു രാജ്യം തന്നിൽതന്നേ ഛിദ്രിച്ചു എങ്കിൽ ശൂന്യമാകും; ഒരു പട്ടണമോ ഗൃഹമോ തന്നിൽതന്നേ ഛിദ്രിച്ചു എങ്കിൽ നിലനിൽക്കയില്ല. സാത്താൻ സാത്താനെ പുറത്താക്കുന്നുവെങ്കിൽ, അവൻ തന്നിൽ തന്നേ ഛിദ്രിച്ചുപോയല്ലോ; പിന്നെ അവന്റെ രാജ്യം എങ്ങനെ നിലനിൽക്കും?" (മത്തായി 12:25, 26).

രണ്ട്, അവരുടെ ആരോപണം *അസ്ഥിരമായി*രുന്നുവെന്നാണ് അവൻ പറഞ്ഞത്: അവർ വിശ്വസിച്ചിരുന്നത് അവരുടെ സ്വന്തം "മക്കൾ" ക്ക് (അതായത്, ശിഷ്യന്മാർ) ഭൂതങ്ങളെ പുറത്താക്കുവാൻ കഴിയുമെന്നായിരുന്നു, (മത്തായി 12:27), എന്നാൽ അവരുടെ പിൻഗാമികൾ ഭൂതങ്ങളെ മോചിപ്പിച്ചിരുന്നത് സാത്താന്റെ[21] ശക്തിയാൽ ആയിരുന്നുവെന്ന് അവർ വിശ്വസിച്ചിരുന്നില്ല. ക്രിസ്തുവിനെതിരായി ഉന്നയിക്കപ്പെട്ട ഏതൊരു ആരോപണവും അവരുടെ ദേശക്കാർക്കും[22] എതിരായിട്ടായിരുന്നു.

മൂന്ന്, അവരുടെ ആരോപണം *അസാധ്യമായി*രുന്നുവെന്നാണ് അവൻ പറഞ്ഞത്: ബലവാനായ ഒരു മനുഷ്യന്റെ വീട് കവർന്ന് എടുക്കുവാൻ, ആദ്യം ആ ബലവാനെ പിടിച്ചു കെട്ടേണ്ടതായിട്ടുണ്ട് (അതായത്, സാത്താൻ) (മത്തായി 12:29). ഭൂതങ്ങളെ പുറത്താക്കിക്കൊണ്ട്, യേശു സാത്താനെ സഹായിക്കുകയായിരുന്നില്ല, പിന്നെയോ അവനെ പരാജയപ്പെടുത്തുകയായിരുന്നു.

യേശു പിന്നെ പ്രതിരോധിക്കുന്നവരിൽനിന്നു എതിർക്കുന്നവരിലേക്ക് തിരിഞ്ഞു: "അതുകൊണ്ടു ഞാൻ നിങ്ങളോടു പറയുന്നതു, സകലപാപവും ദൂഷണവും മനുഷ്യരോടു ക്ഷമിക്കും, [പരിശുദ്ധ] ആത്മാവിന്നുനേരെയുള്ള ദൂഷണമോ ക്ഷമിക്കയില്ല" (മത്തായി 12:31). "ദൂഷണം" എന്ന വാക്കിന്റെ അർത്ഥം "എതിരായി സംസാരിക്കുക" എന്നാണ്. ശാസ്ത്രിമാരും പരീശന്മാരും പരിശുദ്ധാത്മാവിനെതിരായി ദൂഷണം പറഞ്ഞതിനു കുറ്റമുള്ളവരായിരുന്നു കാരണം അവർ പരിശുദ്ധാത്മാവിന്റെ പ്രവർത്തിയെ സാത്താൻ ചെയ്യുന്നതായി പറഞ്ഞു (മത്തായി 12:28). "പരിശുദ്ധാത്മാവിന്നുനേരെ ദൂഷണം പറഞ്ഞാൽ, അവനോടു ക്ഷമിക്കയില്ല" എന്നാണ് ക്രിസ്തു പറഞ്ഞത് (മത്തായി 12:32).

അശ്രദ്ധമായി നാവ് ഉപയോഗിച്ചതിന് അവന്റെ ശത്രുക്കളെ യേശു കുറ്റപ്പെടുത്തുകയായിരുന്നില്ല. മറിച്ച്, അവരുടെ ഹൃദയ കാഠിന്യത്തെയാണ് അവൻ കുറ്റപ്പെടുത്തി സംസാരിച്ചത്. "*ഹൃദയം* നിറഞ്ഞു കവിയുന്നതിൽനിന്നല്ലോ വായ് സംസാരിക്കുന്നത്" എന്നും അവൻ ഊന്നിപറഞ്ഞിട്ടുണ്ട് (മത്തായി 12:34; എംഫസിസ് മൈൻ). അവരുടെ മനസ്സിനെ അങ്ങനെ വളർത്തി എടുത്തതുകൊണ്ട് അവർ "തിന്മക്കു നന്മയെന്നും, നന്മക്കു തിന്മയെന്നും" പേർ വിളിച്ചിരുന്നു (യെശയ്യാവ് 5:20). ശാസ്ത്രിമാരും പരീശന്മാരും എങ്ങനെ അത്തരം പരിതാപകരമായ അവസ്ഥയിലെത്തി? തുടർച്ചയായും സ്ഥിരമായും പരിശുദ്ധാത്മാവിനാൽ യേശു മശിഹ ആണെന്ന് തെളി

യിച്ചതിനെ നിരസിച്ചതിനാൽ, അവരുടെ ഹൃദയങ്ങൾ പാറ–പോലെ കഠിന പ്പെട്ടു (യോഹന്നാൻ 12:40).

ചിലപ്പോൾ തങ്ങൾ "പരിശുദ്ധാത്മാവിനെതിരായി പാപം" ചെയ്തിട്ടു ണ്ടോ എന്ന് ആളുകൾ സംശയിക്കും. ബുദ്ധിമാനും വൃദ്ധനുമായ ഒരു ഉപ ദേഷ്ടാവു പറഞ്ഞു, "നിങ്ങൾ ചെയ്തിട്ടുള്ളതിനെ കുറിച്ച് വിചാരപ്പെടുന്നു വെങ്കിൽ, നിങ്ങൾ അങ്ങനെ ചെയ്തിട്ടില്ല." അയാൾ അർത്ഥമാക്കിയത് എന്തെ ന്നാൽ അത്തരം ചിന്ത ഒരാളുടെ ഹൃദയം മാറ്റം വരുത്താൻ കഴിയാത്ത രീതിയിൽ കഠിനപ്പെട്ടിട്ടില്ല എന്നതിനുള്ള തെളിവാണ് എന്നാണ്. വാസ്തവ ത്തിൽ, ഇപ്പോഴും യേശു ഭൂമിയിൽ നടക്കാതിരിക്കുന്നതുകൊണ്ടും, പരിശു ദ്ധാത്മാവിന്റെ ശക്തിയാൽ അത്ഭുതം നടത്താതിരിക്കുന്നതുകൊണ്ടും, പരീ ശന്മാർ ചെയ്തതുപോലെ *അതേ* കുറ്റം ഉള്ളവരായിരിക്കുവാൻ നിങ്ങൾക്കും എനിക്കും സാധ്യമല്ല. എങ്കിലും, നമുക്കും *അതേ രീതിയിലുള്ള* പാപം ചെയ്ത കുറ്റമുള്ളവരായി തീരുവാൻ കഴിയും: നമ്മുടെ ഹൃദയം കഠിനപ്പെ ടുത്തിയതിനാൽ "പിന്നെയും മാനസാന്തരത്തിലേക്കു പുതുക്കുവാൻ സാ ധ്യമുള്ളതല്ല" (എബ്രായർ 6:6; വാക്യം 4–6 നോക്കുക). നമ്മുടെ ഹൃദയത്തെ മൃദുലമാക്കി തീർക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ (2 രാജാക്കന്മാർ 22:19)!

## തെറ്റിദ്ധാരണകളെ തിരക്കിട്ടു പോരാടുന്നു (മത്താ. 12:38-45; ലൂക്കൊ. 11:16, 24-26, 29-36)

യേശുവിന്റെ യുക്തിയിൽ കുറ്റം കണ്ടെത്താൻ സാധിക്കാതെ അവന്റെ ശാസനയിൽ മനം നൊന്ത്, അവന്റെ ശത്രുക്കൾ മറ്റൊരു കൗശലം പ്രയോഗിച്ചു: "പിന്നെ ശാസ്ത്രിമാരിലും പരീശന്മാരിലും ചിലർ അവനോ ടു, 'ഗുരോ,[23] നീ ഒരു അടയാളം ചെയ്തുകാൺമാൻ ഞങ്ങൾ ഇച്ഛിക്കു ന്നു'" (മത്തായി 12:38). ഇതിലെ ധീരതയെ കുറിച്ചു മനസ്സിൽ കാണുക. അവർ ക്രിസ്തുവിന്റെ വഴികളെ പിന്തുടർന്നപ്പോൾ, ഒന്നിനുപുറകെ മറ്റൊ ന്നായി നടന്ന അത്ഭുതങ്ങളായിരുന്നു അവർക്കു കാണുവാൻ കഴിഞ്ഞത്. ആ ദിവസം തന്നെ, മൂന്ന് അത്ഭുതങ്ങൾ അടങ്ങിയതായ അടയാളങ്ങൾ അവർ കണ്ടിരുന്നു. അതിൽ കൂടുതലായി അവർക്കെന്തായിരുന്നു വേണ്ടത്? ലൂക്കൊസ് പറഞ്ഞതു അവർ "*ആകാശത്തുനിന്നു* ഒരു അടയാളം അവ നോടു ആവശ്യപ്പെട്ടു" എന്നാണ് (ലൂക്കൊസ് 11:16; എംഫസിസ് മൈൻ). ആകാശത്തുനിന്നു ഒരു അത്ഭുതകരമായ അടയാളം കാണിക്കുവാൻ അവർ അവനെ വെല്ലുവിളിച്ചിരിക്കാം, അത് ഏലിയാവു സ്വർഗ്ഗത്തിൽനിന്ന് തീ ഇറ ക്കിയതുപോലെയാകാം (1 രാജാക്കന്മാർ 18:36–38; 2 രാജാക്കന്മാർ 1:10).

"ആവശ്യപ്പെട്ടതനുസരിച്ചുള്ള അത്ഭുതങ്ങൾ" ആയിരുന്നില്ല ക്രിസ്തു ചെയ്തത് (മത്തായി 4:3, 4; ലൂക്കൊസ് 23:8, 9). ജനങ്ങൾ വെറുതെ കാണു ന്നതിനുവേണ്ടി ("കാഴ്ച്ചയ്ക്കു വേണ്ടി") ആയിരുന്നില്ല അവൻ അത്ഭുതം ചെയ്തത്. കൂടാതെ, ഒരത്ഭുതത്തിനും – ആകാശത്തുനിന്നോ, ഭൂമിയിൽ നിന്നോ, ഭൂമിക്കടിയിൽ നിന്നോ – ആയാലും ഈ കഠിനഹൃദയരായ വിമർശ കരെ ബോദ്ധ്യപ്പെടുത്തുവാൻ കഴിയുകയില്ല എന്ന് അവനു അറിയാമായി രുന്നു. അവൻ മറുപടി പറഞ്ഞു,

> ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം[24] തിരയുന്നു; യോനാ പ്രവാചകന്റെ[25] അടയാളമല്ലാതെ അതിന്നു[26] അടയാളം ലഭിക്കയില്ല; യോനാ കടലാനയുടെ[27] വയറ്റിൽ മൂന്നുരാവും[28] മൂന്നുപകലും ഇരുന്നതുപോലെ, മനുഷ്യപുത്രൻ മൂന്നുരാവും മൂന്നുപകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും (മത്തായി 12:39, 40).

യേശുവിന്റെ ഉയർത്തെഴുന്നേൽപ്പിനെ കുറിച്ചു അവ്യക്തമായി സൂചിപ്പിക്കുന്ന വാക്യമായിരുന്നു അത്: തന്റെ മരണത്തിനും അടക്ക ത്തിനുംശേഷം മൂന്നാം നാൾ, അവൻ ഉയർത്തെഴുന്നേൽക്കേണ്ടതായിരുന്നു (മത്തായി 16:21; 17:23; 20:19). ക്രിസ്തുവിന്റെ ശത്രുക്കൾക്ക് അവന്റെ വാക്കുകൾ മനസ്സിലായില്ല; അതുപോലെ അവന്റെ ശിഷ്യന്മാർക്കും. (തനിക്കുനേരിടുവാനിരുന്ന മരണത്തെ കുറിച്ച് യേശു തന്റെ അപ്പൊസ്തലന്മാരോടു പ്രഖ്യാപിക്കുന്നതിനു മുൻപു ഇതു പറഞ്ഞിരുന്നു.) എങ്കിലും, ക്രിസ്തു ദൈവപുത്രനാണെന്നതിനുള്ള അന്തിമമായ "അടയാളം" ആയിരുന്നു ഉയർത്തെഴുന്നേൽപ് (റോമർ 1:4).

പിന്നെ യേശു ശാസ്ത്രിമാരെയും പരീശന്മാരെയും ശാസിക്കുവാൻ തുടങ്ങി (കൂടാതെ അവരുടെ സ്വാധീനമുള്ളവരെയും). അഭക്തിയോടെ ജീവിച്ച നിനവെ അവരെ പോലെ അത്ര കഠിനഹൃദയനായിരുന്നില്ല എന്നും, അന്യദേവന്മാരെ വണങ്ങിയിരുന്ന ശേബാ രാജ്ഞി ("തെക്കെ രാജ്ഞി") വളരെ തുറന്ന–മനസ്സുള്ളവൾ ആയിരുന്നുവെന്നും അവൻ പറഞ്ഞു (മത്തായി 12:41, 42; ലൂക്കൊസ് 11:31, 32). തന്നെ വിമർശിച്ചവർ തങ്ങളുടെ ഹൃദയം തുറന്നാൽ, അവരുടെ ജീവിതം "വെളിച്ചം" കൊണ്ടുനിറയുമെന്ന് പഠിപ്പിക്കുവാൻ അവൻ തനിക്ക് പ്രിയപ്പെട്ട രണ്ട് ആലങ്കാരികമായ പ്രയോഗത്തെ യോജിപ്പിച്ചു (ലൂക്കൊസ് 11:33–36).

ഒരു മനുഷ്യനിൽ കയറികൂടിയ അശുദ്ധാത്മാവു അയാളെ വിട്ടുപോയ ശേഷം വീണ്ടും ഏഴ് അശുദ്ധാത്മാക്കളുമായി വന്ന് ആ മനുഷ്യനിൽ കയറികൂടിയ ഞെട്ടിക്കുന്ന ഒരു ചിത്രീകരണം ക്രിസ്തു പറയുന്നുണ്ട് (മത്തായി 12:43–45; ലൂക്കൊസ് 11:24–26). ആ ചെറിയ ഉപമ പൊതുവെ പ്രായോഗികമായ ഒന്നാണ്; എന്നാൽ, സന്ദർഭത്തിൽ, അത് സൂചിപ്പിക്കുന്നത് യെഹൂദരായ ആത്മീയ അദ്ധ്യക്ഷന്മാരെയാണ്. ബാബേൽ പ്രവാസത്തിനുശേഷം, വിഗ്രഹാരാധന എന്ന "ഭൂതത്തെ" അവർ പുറത്താക്കി – എന്നാൽ ആ "ഭൂതത്തിനു" പകരം ദൈവത്തിലുള്ള വിശ്വാസവും അവന്റെ ഇഷ്ടമനുസരിക്കുന്നതും അവർ സ്വീകരിച്ചില്ല. തൽഫലമായി, അവരിൽ ഇപ്പോൾ ആദ്യത്തേതിനേക്കാൾ മോശമായ "ഏഴ് ഭൂതങ്ങൾ" വസിക്കുന്നുണ്ട്: "ഭൂതങ്ങൾ" എന്നു പറയുമ്പോൾ അതിൽ അജ്ഞത, ദുരഭിമാനം, സ്വയ–നീതീകരണം, കാപട്യം, അവിശ്വാസം, മത്സരം, വില കണക്കാക്കാതിരിക്കൽ[29] എന്നിവ ഉൾപ്പെടുന്നു.

### പുതിയ ബന്ധങ്ങൾ തിരക്കിട്ടു സ്ഥാപിക്കുന്നു (മത്താ. 12:46-50; മർക്കൊ. 3:31-35; ലൂക്കൊ. 8:19-21; 11:27, 28[30])

യേശു ശക്തമായി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, പുരുഷാരത്തിൽ ഒരു സ്ത്രീ ഉച്ചത്തിൽ അവനോടു, "നിന്നെ ചുമന്ന ഉദരവും നീ കുടിച്ച

മുലയും ഭാഗ്യമുള്ളവ" എന്നു പറഞ്ഞു (ലൂക്കൊസ് 11:27). മറിയയുടെ മുന്നറിയിപ്പ് നിറവേറിയതായ ഏക രേഖയായിരുന്നു ഇത് (ലൂക്കൊസ് 1:48). അതിന്നു ക്രിസ്തു, "അല്ല, ദൈവത്തിന്റെ വചനം കേട്ടു പ്രമാണിക്കുന്നവർ അത്രേ ഭാഗ്യവാന്മാർ" എന്നു പറഞ്ഞു (ലൂക്കൊസ് 11:28).[31]

താൻ സ്നേഹിച്ച[32] അവന്റെ അമ്മയെ, യേശു തരം താഴ്ത്തുകയായിരുന്നില്ല. മറിച്ച്, ക്രിസ്തുവിന്റെ അമ്മ ആയിരിക്കുന്നതിനെക്കാൾ കൂടുതൽ പ്രാധാന്യം ദൈവമകനായിരിക്കുന്നതിനാണ് അവൻ ഊന്നൽ കൊടുത്തത്. നമുക്ക് അതെത്ര ആവേശം നൽകുന്നതാണ്! ഒരാൾക്കു മാത്രമെ ഭൗതികമായി കർത്താവിന്റെ അമ്മ ആകുവാൻ കഴിയുക യുള്ളൂ, എന്നാൽ നമുക്ക് എല്ലാവർക്കും അവന്റെ ശിഷ്യന്മാരായി തീരുവാൻ കഴിയും.

അൽപം കഴിഞ്ഞ് ആ പ്രധാനപ്പെട്ട സത്യം വീണ്ടും–ഊന്നി പറഞ്ഞിരിക്കുന്നു. യേശു പുരുഷാരത്തെ തുടർന്നും ഉപദേശിച്ചുകൊണ്ടിരുന്നപ്പോൾ (മത്തായി 12:46), "അവന്റെ അമ്മയും സഹോദരന്മാരും[33] വന്നു പുറത്തു നിന്നു" (മർക്കൊസ് 3:31). പുരുഷാരം[34] നിമിത്തം അവർക്ക് അവന്റെ അടുക്കൽ എത്തുവാൻ കഴിയാതിരുന്നതുകൊണ്ട്, അവർക്ക് അവനെ കാണണമെന്ന് ആളെ വിട്ട് പറയിച്ചു (3:31, 32). അവർ എന്തിനാണ് യേശുവിനെ കാണുവാൻ താൽപര്യപ്പെട്ടതെന്ന് നമുക്ക് അറിയില്ല. മർക്കൊസ് 3:21–ഉം 3:31–ഉം തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നതായി കാണാം; ഒരുപക്ഷെ അവനെ വീട്ടിൽ കൊണ്ടുപോയി നിർബന്ധപൂർവ്വം വിശ്രമംഎടുപ്പിക്കുവാൻ[35] ആയിരിക്കാം അവർ വന്നത്. അവരുടെ കാരണമെന്തായാലും, "നിന്റെ അമ്മയും സഹോദരന്മാരും ... പുറത്തുനിന്നു നിന്നെ അന്വേഷിക്കുന്നു" (മർക്കൊസ് 3:32) എന്ന വാക്കുകൾ യേശുവിന്റെ അവതരണത്തിനു തടസം ഉണ്ടാക്കുന്നതായിരുന്നു.

യജമാനനും ഗുരുവുമായ, ക്രിസ്തു ആ തടസ്സത്തെ പ്രസംഗിപ്പാനുള്ള അവസരമാക്കി തീർത്തുകൊണ്ടു ചോദിച്ചു, "എന്റെ അമ്മ ആർ എന്റെ സഹോദരന്മാർ ആർ?" (മത്തായി 12:48). അടുത്തിരുന്ന ശിഷ്യന്മാരെ ചൂണ്ടിക്കാണിച്ചുകൊണ്ട്, അവൻ പറഞ്ഞു, "ഇതാ എന്റെ അമ്മയും എന്റെ സഹോദരന്മാരും! സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ, എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു" (മത്തായി 12:49, 50). യേശുവിന്റെ പ്രഖ്യാപനത്തെ ലൂക്കൊസ് ഈ വാക്കുകളിൽ പ്രകടമാക്കി: "എന്റെ അമ്മയും സഹോദരന്മാരും ദൈവവചനം കേട്ടു ചെയ്യുന്നവരത്രേ" (ലൂക്കൊസ് 8:21).

കുടുംബ ബന്ധങ്ങളെ ക്രിസ്തു തരംതാഴ്ത്തി കാണുക ആയിരുന്നില്ല. കുടുംബത്തോടുള്ള ഉത്തരവാദിത്വങ്ങൾ അവനെ സംബന്ധിച്ചു ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു (മത്തായി 15:4–6; യോഹന്നാൻ 19:26, 27; നോക്കുക 1 തിമൊഥെയൊസ് 5:8). എങ്ങനെയായാലും, ഒരിക്കൽ കൂടെ, ഭൗതികമായ കുടുംബ ബന്ധത്തെക്കാൾ ഉയർന്നതും വലുതുമായ ഒരു ബന്ധമുള്ളതായി അവൻ ഊന്നിപറയുകയായിരുന്നു: പിതാവിനോടും അവന്റെ പുത്രനോടുമുള്ള നമ്മുടെ ആത്മീയബന്ധം. നാം "ദൈവവചനം കേട്ടു ചെയ്യുക" യാണെങ്കിൽ (ലൂക്കൊസ് 8:21; മത്തായി 7:21–27 നോക്കുക), യേശു തന്റെ അമ്മയോടും അവന്റെ ജഡിക സഹോദരങ്ങളോടും പുലർത്തിയ ബന്ധത്തെക്കാൾ കൂടുതൽ അടുത്ത ഒരു ബന്ധം നമുക്ക് യേശുവിനോട് പുലർത്തുവാൻ കഴിയും എന്ന് തിരിച്ചറിയുന്നത് ആശ്ചര്യമുള്ളതാണ്![36]

അത് ക്രിസ്തുവിന്റെ ശിഷ്യന്മാർക്ക് പ്രോത്സാഹനവാക്കുകൾ ആയിരുന്നു (അതു നമുക്കും അങ്ങനെയാണ്), എന്നാൽ കർത്താവിനെ ക്രൂരമായി ആക്രമിച്ച ആ ദിവസത്തിലെ സന്ദർഭത്തെ കണ്ടുകൊണ്ടു അതിനെ വീക്ഷിക്കുക. താൻ പോയശേഷം സഭയുടെ വിത്തുവിതയ്ക്കേണ്ടതിനു ഒരു കൂട്ടം സമർപ്പിക്കപ്പെട്ട ശിഷ്യന്മാരെ ഒന്നിച്ചുകൂട്ടേണ്ടത് അവനു ആവശ്യമായിരുന്നു. ആ എന്നേക്കുമുള്ള, പുതിയ ബന്ധങ്ങൾ, സ്ഥാപിക്കപ്പെടേണ്ടത് വളരെ ആവശ്യമായിരുന്നു.

**ഉപസംഹാരം**

ദിവസം തീരാൻ ഇനിയുമുണ്ടായിരുന്നു. ശ്രദ്ധേയമായ പല അത്ഭുത പ്രവർത്തികളോടൊപ്പം,[37] ഇനിയും അധികം ഉപദേശിക്കുവാനും ഉണ്ടായിരുന്നു. യേശുവിന്റെ സ്ഥാനത്തു ഞാനായിരുന്നുവെങ്കിൽ, അപ്പോഴേക്കും ഞാൻ തളർന്നുപോകുമായിരുന്നു. (പോരാട്ടവും, ഏറ്റുമുട്ടലും, വിവാദവും എന്റെ ശക്തി നഷ്ടപ്പെടുത്തുന്നതുപോലെ മറ്റൊന്നിനും കഴിയുകയില്ല.) എങ്ങനെയായാലും, ആ ദിവസത്തെ ശേഷിച്ച സംഭവങ്ങൾ പഠിക്കുവാൻ അടുത്ത പാഠങ്ങൾ വരെ കാത്തിരിക്കേണ്ടിവരും. ഈ തിരക്കുള്ള, ഇരുപത്തി-നാല്-മണിക്കൂർ നീണ്ടതായ ദിവസത്തിന്റെ സമാപനത്തിനുള്ള സമയമായി.

നമ്മുടെ വേദഭാഗം[38] ഉടനീളം പ്രായോഗിക പാഠങ്ങൾ നിറഞ്ഞിരിക്കുകയാണ്. നാം പഠിച്ചതിന്റെ സാരാംശം, എങ്ങനെയായാലും, മത്തായി 12:30 -ൽ കാണാം, അവിടെ യേശു പറയുന്നു, "എനിക്കു അനുകൂലമല്ലാത്തവൻ എനിക്കു പ്രതികൂലം ആകുന്നു; എന്നോടുകൂടെ ചേർക്കാത്തവൻ ചിതറിക്കുന്നു." നാം ഒന്നുകിൽ യേശുവിന്റെ വശത്ത് അല്ലെങ്കിൽ അവനു പുറത്ത് ആയിരിക്കും. അതിനുരണ്ടിനും മദ്ധ്യേ എന്നൊന്നില്ല. ഞാൻ ആരുടെ വശത്താണ്? നിങ്ങൾ ആരുടെ വശത്താണ്?

---

കുറിപ്പുകൾ

[1]ഏ. റ്റി. റോബെർട്ട്സൺ, *എ ഹാർമണി ഓഫ് ദ ഗോസ്പെൽസ് ഫോർ സ്റ്റുഡന്റ്സ് ഓഫ് ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* (ന്യൂയോർക്ക്: ഹാർപ്പർ & റോ, 1950), 61. [2]കഫർന്നഹൂമിനു പുറത്തേക്കുള്ള യാത്രകളെ പറ്റി നാം പഠിച്ചപ്പോൾ മത്തായിയും മർക്കൊസും അതിന്റെ സൂചനകൾ നൽകുന്നുണ്ടെങ്കിലും, ലൂക്കൊസ് മാത്രമാണ് ആ സന്ദർശനത്തെ രേഖപ്പെടുത്തിയിട്ടുള്ളത്. [3]ഈ പുസ്തകത്തിൽ മുൻപുവന്നിട്ടുള്ള "അധികാരമുള്ളവനെപോലെ," എന്ന പാഠം നോക്കുക. [4]"സ്നേഹവും, കണ്ണുനീരും, പാപക്ഷമാപണവും" എന്ന കഴിഞ്ഞ പാഠത്തിന്റെ മുഖവുര നോക്കുക. [5]യേശുവിനും അപ്പൊസ്തലന്മാർക്കും ആ പട്ടണത്തിലെ പൗരന്മാർ ഭക്ഷിപ്പാൻ കൊടുത്തില്ലെങ്കിൽ, സ്ത്രീകൾ ഒരുപക്ഷെ ഭക്ഷണം കൊണ്ടുവന്ന് തയ്യാറാക്കികൊടുത്തു കാണും. യേശുവിനെ ദരിദ്രന്മാരിൽ ഒരുവനായി എപ്പോഴും ചിത്രീകരിച്ചിരിക്കുന്നതുകൊണ്ട് അവനു ലഭിച്ച ഈ സഹായം ധാരാളിത്തമായി നാം കരുതരുത് (ലൂക്കൊസ് 9:48; 2 കൊരിന്ത്യർ 8:9; നോക്കുക മത്തായി 17:24–26). [6]"സ്നേഹവും, കണ്ണുനീരും, പാപക്ഷമാപണവും" എന്ന പാഠത്തിൽ, ശീമോന്റെ വീട്ടിൽ വന്ന പാപിയായ സ്ത്രീ മഗ്ദലക്കാരത്തി മറിയ ആയിരുന്നു എന്നു വിശ്വസിക്കുവാൻ കാരണങ്ങൾ ഒന്നും ഇല്ല എന്നു നാം ഊന്നി പറഞ്ഞു. ഭൂതം പുറത്താക്കപ്പെട്ടവൾ

ആയിരുന്നു മറിയ, അല്ലാതെ പരിവർത്തനം ചെയ്യപ്പെട്ട വ്യഭിചാരിണി ആയിരുന്നില്ല. മറിയക്ക് നന്ദി ഉണ്ടായതിൽ അതിശയിക്കുവാനില്ല! [7]"ക്രിസ്തുവിന്റെ കാലത്തെ പാലസ്തീൻ," എന്ന ഭൂപടം ഈ പുസ്തകത്തിനു പുറകിൽ നോക്കുക. [8]ജെ. ഡബ്ളിയു. മെക്ഗാർവേയും ഫിലിപ്പ് വൈ. പെൻലിറ്റണും, *ദ ഫോർ ഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി: സ്റ്റാന്റേർഡ് പബ്ളിഷിങ്ങ് കമ്പനി., 1914), 297. [9]ഇബിഡ്., 297. [10]എന്റെ കൈവശമുള്ള എൻഎഎസ്ബി യുടെ മാർജിൻ കുറിപ്പിൽ "ഹോം" എന്നതിനെ കുറിച്ച് ഉള്ളത്: "[അക്ഷരികമായി], *ഇൻടു എ ഹൗസ്*" എന്നാണ്.

[11]ഈ വേദഭാഗം മർക്കൊസ് 6:31–മായി താരതമ്യം ചെയ്യുക. [12]സംസാരിക്കാൻ കഴിയാതിരിക്കുന്നത് കേൾവിയും ഇല്ലാത്തതായി സാധാരണ സൂചിപ്പിക്കുന്നു, അതുകൊണ്ട് അതു വാസ്തവത്തിൽ നാലുമടങ്ങു ശക്തമായ ഒന്നായിരിക്കണം. [13]മൂലഗ്രന്ഥത്തിലെ വാക്യരൂപം സൂചിപ്പിക്കുന്നത് യേശു തീർച്ചയായും "ദാവീദു പുത്രൻ" (അതായത്, മശിഹ) ആയിരുന്നു എന്ന് ബോധപൂർവ്വം തിരിച്ചറിയുന്നതിനെയാണ്. [14]ഗ്രീക്ക് വേദഭാഗം തർജ്ജിമ ചെയ്തിരിക്കുന്ന "അവന്റെ സ്വന്ത ജനം'' എന്നത് അക്ഷരികമായി അർത്ഥമാക്കുന്നത് "അവനോടുകൂടെയുള്ളവർ" എന്നാണ്. അവർക്ക് യേശുവുമായി ചില ബന്ധമുണ്ടായിരുന്നു. കെജെവിയിൽ "അവന്റെ സ്നേഹിതന്മാർ" എന്നാണ്. എൻഐവിയിൽ "അവന്റെ കുടുംബം" എന്നാണ്. [15]ഗ്രീക്ക് വാക്ക് തർജ്ജിമ ചെയ്ത "റ്റു ടേക്ക് കസ്റ്റഡി" എന്നതിന്റെ അക്ഷരികമായ അർത്ഥം "നിർത്തുക" എന്നാണ്. ആരെയെങ്കിലും പിടിക്കുന്നതിന് പുതിയ നിയമത്തിൽ ആ വാക്ക് ചില സ്ഥലത്ത് ഉപയോഗിച്ചിട്ടുണ്ട് (മത്തായി 14:3; പ്രവൃത്തികൾ 24:6). അവൻ ആഗ്രഹിച്ചാലും ഇല്ലെങ്കിലും അവരോടുകൂടെ പോകുവാൻ അവനെ അവർ നിർബന്ധിച്ചതായാണ് ആ വാക്കിന്റെ സൂചന. [16]മനസ്സിന്റെ അപാകതകൾക്കു സാധാരണ ഉപയോഗിക്കാറുള്ള ധാരാളം വാക്കുകൾ ഉണ്ട്. നിങ്ങൾ താമസിക്കുന്ന പ്രദേശത്തിന് യോജിച്ചതായ വാക്കുവേണമെങ്കിൽ നിങ്ങൾക്ക് ഉപയോഗിക്കാം. [17]ലൂക്കൊസ് വിവരിക്കുന്ന ശാസ്ത്രിമാരുടെയും പരീശന്മാരുടെയും ദൂഷണം മറ്റൊരു സമയത്തും സ്ഥലത്തും നടന്നതാകാം – എന്നാൽ അത് മർക്കൊസും മത്തായിയും വിവരിക്കുന്നതുമായി വളരെ സാമ്യമുള്ളതിനാൽ അതോടുകൂടെ പഠിക്കുന്നതായിരിക്കും ഉത്തമം. [18]"ബെയെത്സെബൂൽ" (അല്ലെങ്കിൽ ബെയെൽസെബൂബ് അല്ലെങ്കിൽ ബാൽ–സെബൂബ്) അന്യദേവന്മാരെ വണങ്ങിയിരുന്നവരുടെ ഒരു ദേവനായിരുന്നു (2 രാജാക്കന്മാർ 1:2). ആ പേരിന്റെ അക്ഷരിക അർത്ഥം "ദ ലോർഡ് ഓഫ് ദ ഫ്ളൈസ്" എന്നാണ്. ഈ സന്ദർഭത്തിൽ, ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത് സാത്താനെ സൂചിപ്പിച്ചുകൊണ്ടാണ് (മർക്കൊസ് 3:22, 23). [19]കെജെവിയിൽ "പിശാചുക്കൾ" എന്നാണ്, എന്നാൽ പിശാച് ഒന്നേയുള്ളൂ. മൂലഗ്രന്ഥത്തിൽ "ഭൂതങ്ങൾ" എന്നാണ്. [20]ആ വാദഗതികളെ മർക്കൊസ് "ഉപമകൾ" എന്നാണു പറഞ്ഞത് (മർക്കൊസ് 3:23).

[21]ഇത് അന്തർലീനമായിരിക്കുന്നു. [22]ആ യെഹൂദന്മാർ ഭൂതങ്ങളെ പുറത്താക്കിയിരുന്നു എന്നു *അവൻ* വിശ്വസിച്ചിരുന്നതായി യേശുവിന്റെ വാദഗതി തെളിയിക്കുന്നില്ല. യേശു ഭൂതങ്ങളെ "ഒരു വാക്കുകൊണ്ട്" പുറത്താക്കുന്നതിനും യെഹൂദന്മാരുടെ അന്ധവിശ്വാസങ്ങൾക്കും ഇടയിൽ വലിയ ഒരു വിടവുണ്ടായിരുന്നു. [23]യേശുവിന് ആദരിക്കപ്പെടുന്ന ഈ പേർ അവർ നൽകിയതിൽ ചതി ഉൾക്കൊള്ളുന്നു. (ഈ വേദഭാഗത്തെ ലൂക്കൊസ് 7:40 മായി താരതമ്യം ചെയ്യുക. ഈ പുസ്തകത്തിൽ മുൻപ് ആ വാക്യത്തെ കുറിച്ച് വിവരിച്ചിരിക്കുന്നത് നിങ്ങൾക്ക് വേണമെങ്കിൽ അവലോകനം നടത്താം.) [24]1 കൊരിന്ത്യർ 1:22 നോക്കുക. [25]യേശു തുടർന്നും വീര്യപ്രവർത്തികൾ ചെയ്തതുകൊണ്ട് (അത്ഭുതങ്ങൾ), ഇത് അർത്ഥമാക്കുന്നത് ഇനി *ഇതിനുപുറമെ* മറ്റു അടയാളങ്ങൾ (ചെയ്ത അത്ഭുതങ്ങൾക്കപ്പുറമായി) – യോനയുടെ അടയാളം ഒഴിച്ചു നൽകേണ്ടതില്ല എന്നാണ്

(അതായത്, ഉയർത്തെഴുന്നേൽപ്). [26]നോക്കുക മത്തായി 16:4. [27]“മൂന്നുരാവും മൂന്നുപകലും” എന്ന പദപ്രയോഗം ചിലരെ ആകുലപ്പെടുത്തുന്നുണ്ട്, കാരണം, നമുക്കറിയാവുന്നിടത്തോളം, യേശു രണ്ടു പകലിന്റെയും രണ്ടു രാത്രിയുടെയും ഒരുഭാഗവും, ഒരു മുഴുവൻ ദിവസവും കല്ലറയിൽ ഉണ്ടായിരുന്നു. അടിസ്ഥാനപരമായ ഉത്തരം എന്തെന്നാൽ ദിവസത്തിന്റെ ഭാഗമായാലും യെഹൂദന്മാർ അത് ഒരു ദിവസമായി കണക്കാക്കിയിരുന്നു എന്നാണ്. [28]കെജെവിയിൽ ഉള്ളത് “തിമിംഗലം” എന്നാണ്, എന്നാൽ ഗ്രീക്കു പുസ്തകത്തിൽ “കടലാന” എന്നാണ്. എൻകെജെവി യിൽ “വലിയ മീൻ” എന്നാണ്, അതാണ് പഴയ നിയമ സംഭവത്തിൽ ഉള്ളത് (യോനാ 1:17). ചിലർ അവകാശപ്പെടുന്നത് യോനയും വലിയ മത്സ്യവും വെറും “ഒരു കെട്ടുകഥ” ആണെന്നാണ്, എന്നാൽ അതു വാസ്തവത്തിൽ സംഭവിച്ചതായാണ് യേശു പറയുന്നത്! [29]എന്നെ തെറ്റിദ്ധരിക്കരുത്. ഭൂതങ്ങൾ വാസ്തവത്തിലുള്ള ആത്മീയ സന്ദേശവാഹകർ ആയിരുന്നില്ല (ഇപ്പോഴുമല്ല) എന്നല്ല ഞാൻ പറഞ്ഞത് . മറിച്ച്, ആ *ഉപമ*യുടെ *സമാനതകൾ* ചുരുങ്ങിയ വാക്കുകൾ ഉപയോഗിച്ചു എടുത്തു കാണിക്കുവാനാണ് ഞാൻ ശ്രമിക്കുന്നത് – പാപം നിറഞ്ഞ യെഹൂദ മതാദ്ധ്യക്ഷന്മാരും ഭൂതങ്ങൾ നിറഞ്ഞ ഒരു മനുഷ്യനും തമ്മിലുള്ള സമാനതകൾ. ആ അദ്ധ്യക്ഷന്മാരിൽ ഭൂത–ബാധ വാസ്തവത്തിൽ ഉണ്ടായിരുന്നില്ല, എന്നാൽ പിശാചിനും അവന്റെ ഭൂതങ്ങൾക്കും അവർ സ്വാധീനപ്പെട്ടിരുന്നു. [30]യേശുവിന്റെ കുടുംബത്തെ കുറിച്ച് ലൂക്കൊസ് 8–ൽ ഉൾപ്പെടുത്തിയിട്ടുണ്ട്, കേൾക്കേണ്ടതിന്റെയും അനുസരിക്കേണ്ടതിന്റെയും ആവശ്യകതയെ അതിൽ വിവരിക്കുന്നു. അവിടെ മത്തായിയും മർക്കൊസും സംഭവം വിവരിക്കുന്നു, ലൂക്കൊസോ ക്രിസ്തുവിന്റെ അമ്മ “അനുഗ്രഹിക്കപ്പെട്ടവൾ” എന്നു  ഒരു സ്ത്രീ പറയുന്ന ഭാഗം ഉൾപ്പെടുത്തുന്നു (ലൂക്കൊസ് 11:27, 28). ആ ഭാഗങ്ങൾ എല്ലാം അടിസ്ഥാനപരമായി ഒരു പാഠം തന്നെയാണ് പഠിപ്പിക്കുന്നത് എന്നതുകൊണ്ട്, ഞാൻ അവയെ ഒരുമിച്ച് എടുത്തിരിക്കുന്നു.

[31]ഇവിടെയുള്ള യേശുവിന്റെ വാക്കുകളും മത്തായി 12:48–50 ലേതും  മറിയയെ ആരാധിക്കുന്നതിനെതിരായുള്ള ശക്തമായ മുന്നറിയിപ്പാണ് നൽകുന്നത്. [32]അവൻ മരിക്കുന്നതിനുമുൻപു അവസാനമായി വിചാരപ്പെട്ടിരുന്നത് തന്റെ അമ്മയെ കുറിച്ചായിരുന്നു എന്ന വസ്തുത ഇതു തെളിയിക്കുന്നു (യോഹന്നാൻ 19:26, 27). [33]പിന്നീടുണ്ടായ കയ്യെഴുത്തുപ്രതികൾ ചേർത്തിരിക്കുന്നത് “അവന്റെ സഹോദരിമാരും” എന്നാണ്, എന്നാൽ പഴയ കയ്യെഴുത്തു പ്രതികളിൽ അങ്ങനെ കൂട്ടിചേർത്തിരുന്നില്ല. മത്തായി 13:55, 56 അനുസരിച്ച്, യേശുവിന് നാലു സഹോദരന്മാരും ചുരുങ്ങിയത് രണ്ടു സഹോദരിമാരും ഉണ്ടായിരുന്നു. അടുത്ത പാഠത്തിൽ അവന്റെ ഭൗതിക കുടുംബത്തെ കുറിച്ചും ചുരുക്കമായി വിശദീകരിച്ചിട്ടുണ്ട്. [34]ഈ വേദഭാഗത്തെ മർക്കൊസ് 2:2, 4 മായി താരതമ്യം ചെയ്യുക. [35]ഇതിനെ സംബന്ധിച്ച് കൂടുതൽ വിശദീകരണങ്ങൾക്ക്, ഇതിനെ തുടർന്നുള്ള അടുത്ത പ്രസംഗം നോക്കുക. [36]ഈ പുസ്തകത്തിൽ ഇനി വരുന്ന “നമ്മുടെ രണ്ടു കുടുംബങ്ങൾ,” എന്നപാഠത്തിൽ ഈ വിവരണം വിപുലീകരിച്ചിട്ടുണ്ട്. [37]ഈ പാഠത്തിന്റെ മുഖവുര വീണ്ടും നോക്കുക. [38](മത്തായി 12:33–37 പോലെ), എല്ലാവരെയും പഴിചുമത്തുന്ന അവയിൽ ചിലത് നിങ്ങൾക്കുവേണമെങ്കിൽ വീണ്ടും വായിക്കാം.